KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

PROGRAMME COMMITTEE
KERALA SCHOOL KALOLSAVAM 2017

Code No. 107

എച്ച്.എസ്.എസ് വിഭാഗം - മലയാളം കവിതാരചന.

വിഷയം : പലതരം സെൽഫികൾ.

## ഞാൻ.

നുരഞ്ഞു പൊന്തുന്ന തിരക്കിനുള്ളിലും
നടുക്കമാർന്നൊരു വാർത്തയ്ക്കു മുന്നിലും
മറന്നുപോയി നാം ഈശ്വരനാമത്തെ
മനസുപോകുന്നു സെൽഫിയെടുക്കുവാൻ.

ചരത്തെ വിശുന്ന സെൽഫിതൻ ചുഴക്കാറ്റു-
ചതുരത്തെ മയക്കുന്നു കണ്ണും കരങ്ങളും.
ഇടയ്ക്കു കൺപൊത്തി നോക്കുകിന്നീ നാട്ടു-
ചരത്തെയെടുക്കുന്ന സെൽഫിപെരുമകൾ.

ചിള കെട്ടിയ പോള ചെറ്റുവിടർത്തി-
ചുനിത്തിടത്തയിലൊരു ചൂടുള്ള സെൽഫി,
മഴക്കാറു മാനത്തു മാറ്റം വരുത്തവെ
മഴത്തുടക്കിഴിൽ നിന്നൊരു തരം സെൽഫി,
ജനിച്ചു വീണിട്ടുള്ള പിഞ്ചിളം കുഞ്ഞിനെ-
യെടുത്തിട്ടെടുക്കേണമൊരു കൊച്ചു സെൽഫി,
മരിച്ചാലുമാരെയോ കൊന്നാലുമീ നാട്ടു-
ചരത്തെയെടുക്കേണമൊരു നല്ല സെൽഫി.

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

തകരുന്നു നാടിന്റെ സ്വതസിദ്ധമായുള്ള
പരസഹായത്തിന്റെ ഗാഥ.
ചാരെ സഹോദരൻ ചത്തുവീണാലുമി-
ന്നാദ്യം തിളക്കുന്നു സെൽഫി.

ചീഞ്ഞു നാറുന്നൊരു മാലിന്യവീപ്പയുടെ
മധ്യത്തിൽ നിന്നൊരു സെൽഫി
വേഗം കുതിക്കുന്ന ബൈക്കിന്റെ പിന്നിൽ നി-
ന്നൊരു സെൽഫി ലൈക്കേറെ നേടാൻ

കവലകളിലൊരു സെൽഫി, ക്ലാസുകളിലൊരു സെൽഫി
കരമനയാറിലൊരു സെൽഫി.
തീവണ്ടി പായുന്ന പാളങ്ങളിൽ നിന്ന
മരണം മുഴക്കുന്ന സെൽഫി.

പണ്ടെടുത്താറുണ്ട് വീടിന്റെ മുറ്റത്ത-
ന്നെല്ലാരുമുള്ളൊരു ചിത്രം.
അന്നതിന്റെയുള്ളിലുണ്ടായിരുന്നു തന്റെ
വീടും കുടുംബവും മൊത്തം.

ഇന്നതിന്റെ സെൽഫിയിൽ നിറയുന്നു ഞാനു-
മിന്നൊരു പാടു ശൂന്യതയുമുള്ളിൽ.
ഞാൻ മാത്രമേയുള്ളു, ഞാൻ മാത്രമിദ്ദുനി-
ന്നുള്ളിലും തന്റെ മനസ്സിലും

—